STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.30/PR/SPMC/PHQ/2021 Date :18.01.2021

## പട്ടികജാതി-വർഗ്ഗ വിഭാഗക്കാരുടെ പരാതികൾ അന്വേഷിക്കാൻ പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

പട്ടികജാതി-വർഗ്ഗ വിഭാഗക്കാർ പരാതിക്കാരായ കേസുകളിൽ അന്വേഷണം കാര്യക്ഷമമാക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല അവലോകനയോഗത്തിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിനാലാണ് ഉത്തരവ്. ഇത്തരം കേസുകളുടെ അന്വേഷണപുരോഗതി വിലയിരുത്തുന്നതിനും കോടതിനടപടികളിലുണ്ടാകുന്ന വീഴ്ചകൾ തടഞ്ഞ് ശിക്ഷ ഉറപ്പുവരുത്തുന്നതിനുമായി ക്രമസമാധാനവിഭാഗം എ.ഡി.ജി.പി യുടെ നേതൃത്വത്തിൽ പ്രത്യേക സമിതിക്ക് രൂപം നൽകിയിരുന്നു. ഈ സമിതിയുടെ ശുപാർശകൾ കൂടി പരിഗണിച്ചാണ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്.

പട്ടികജാതി-വർഗ്ഗ അതിക്രമ (നിരോധന) നിയമപ്രകാരം നടന്നതായി പ്രഥമദൃഷ്ട്യാ മനസ്സിലായാൽ ഉടൻ തന്നെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തും. ഇത്തരം പരാതിക്കാരോട് അവർക്ക് ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങളെക്കുറിച്ച് അന്വേഷണ ഉദ്യോഗസ്ഥർ കൃത്യമായി പറഞ്ഞുമനസിലാക്കണം. പട്ടികജാതി-വർഗ്ഗ അതിക്രമ (നിരോധന) നിയമപ്രകാരമുള്ള വകുപ്പുകൾക്കൊപ്പം ഇന്ത്യൻ ശിക്ഷാനിയമത്തിൽ പ്രതിപാദിക്കുന്ന പ്രസക്തവകുപ്പുകളും കേസിൽ ഉൾപ്പെടുത്തണം.

അന്വേഷണഉദ്യോഗസ്ഥർ പരാതിക്കാരന്റെ സാമൂഹിക-സാമ്പത്തിക നില വ്യക്തമായി മനസിലാക്കണം. മുൻവിധിയോടെ പെരുമാറാൻ പാടില്ല. പരാതിക്കാർ വനിതകളാണെങ്കിൽ അന്വേഷണസംഘത്തിൽ ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയുടെ സാന്നിധ്യം ഉറപ്പാക്കണം. അന്വേഷണവേളയിൽ പരാതിക്കാർക്ക് ആവശ്യമായ നിയമസഹായം ഉറപ്പാക്കുന്നതിന് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സഹായം തേടണമെന്നും നിർദ്ദേശമുണ്ട്.

സാക്ഷിമൊഴികൾ കൃത്യതയോടെ രേഖപ്പെടുത്തണം. സാക്ഷികളെ വിശ്വാസത്തിലെടുത്ത് കുറ്റകൃത്യത്തിന്റെ ഗൗരവം അവരെ ബോധ്യപ്പെടുത്താൻ അന്വേഷണ ഉദ്യോഗസ്ഥർ തയ്യാറാകണം. ശരിയായ സാക്ഷികളെ കണ്ടെത്തി മൊഴി രേഖപ്പെടുത്തണം. മൊഴികൾ ഹ്രസ്വവും സൂക്ഷ്മവുമായിരിക്കണം. കൃത്യസ്ഥലമഹസർ തയ്യാറാക്കൽ, തെളിവ് ശേഖരണം എന്നിവയ്ക്ക് ഫോറൻസിക് വിദഗ്ദ്ധന്റെ സാന്നിധ്യം ഉറപ്പാക്കുകയും സാഹചര്യ, ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിൽ പ്രത്യേകശ്രദ്ധ പുലർത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ എത്തിക്കുകയും വേണം. വിവിധ ലാബുകളിൽ നിന്നുള്ള പരിശോധനാ ഫലങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും നിശ്ചിത സമയത്തിനുമുമ്പ് റിപ്പോർട്ടുകൾ കോടതിയിൽ ഹാജരാക്കുന്നതിനും ശ്രദ്ധ ചെലുത്തണമെന്നും നിർദ്ദേശമുണ്ട്.

ജില്ലാതലത്തിൽ അഡീഷണൽ എസ്.പിമാരുടെ കീഴിൽ സമിതികൾ രൂപീകരിച്ച് മാസംതോറും അന്വേഷണ പുരോഗതി വിലയിരുത്തുകയും അവ ജില്ലാ പോലീസ്മേധാവിമാർക്ക് അയയ്ക്കുകയും വേണം. പരാതിക്കാർക്ക് എതിരെ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ 60 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണം. പ്രതിമാസ ക്രൈം കോൺഫറൻസിൽ ജില്ലാ പോലീസ് മേധാവിമാർ അന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തണം. കേസിന്റെ അന്തിമ റിപ്പോർട്ട് ജില്ലാ പോലീസ്മേധാവിയും റേഞ്ച് ഡി.ഐ.ജിമാരും പരിശോധിച്ചതിനുശേഷം മാത്രമാകണം കോടതികളിൽ സമർപ്പിക്കേണ്ടത്. ഇത്തരം കേസുകൾ കൈകാര്യം ചെയ്യാൻ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യക പരിശീലനം നൽകണമെന്നും മാർഗ്ഗനിർദ്ദേശങ്ങളിലുണ്ട്.

കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകളുടെ പുരോഗതിയും പ്രത്യേക സമിതി വിലയിരുത്തി ജില്ലാപോലീസ് മേധാവിക്കും റേഞ്ച് ഡി.ഐ.ജിക്കും റിപ്പോർട്ട് നൽകണം. അന്വേഷണത്തിൽ പങ്ക് വഹിച്ച ഒരു ഉദ്യോഗസ്ഥനെ വിചാരണസമയത്ത് പ്രോസിക്യൂഷനെ സഹായിക്കാനായി നിയോഗിക്കണം. സാക്ഷികൾ കോടതികളിൽ കൃത്യമായി ഹാജരായി വിവരം നൽകുന്നുവെന്ന് പോലീസ് ഉറപ്പാക്കണം. മജിസ്ട്രേറ്റ് മുമ്പാകെ മൊഴികൊടുത്ത സാക്ഷികൾ വിചാരണവേളയിൽ കൂറുമാറുന്നതിനെതിരെ അന്വേഷണഉദ്യോഗസ്ഥർ കർശനനടപടി സ്വീകരിക്കണം. കേസ് കോടതിയിൽ തള്ളിപ്പോയാൽ സർക്കാർ പ്ലീഡറുടെ നിയമോപദേശം തേടിയശേഷം അപ്പീൽ നൽകാനുള്ള നടപടി സ്വീകരിക്കണം. പ്രതികൾ വിട്ടയയ്ക്കപ്പെടുന്ന കേസുകൾ റേഞ്ച് ഡി ഐ ജിമാർ വിലയിരുത്തി അന്വേഷണത്തിലെ പാളിച്ചകൾ കണ്ടെത്തി വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും റേഞ്ച് ഡി.ഐ.ജിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

*******************